15-10-2026

Ruling

റൂളിങ്ങ്

(1) ബില്ലിന്റെ കോപ്പികൾ യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ ചട്ടത്തിന്റെ 76 (1) ന്റെ ക്ലിപ്ത നിബന്ധനപ്രകാരം ബിൽ സംബന്ധിച്ച ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കുമുമ്പ് ബില്ലിന്റെ കോപ്പികൾ ലഭ്യമാക്കാത്തത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നം ഉന്നയിച്ചിട്ടുള്ളത്. ഇന്ന് സഭ മുമ്പാകെ വരുന്ന ഈ ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്തത് 14-10-2026-ൽ ആണ്. ഇതിന്റെ കോപ്പി വിതരണം ചെയ്തശേഷമാണ് ഭേദഗതി നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ബുള്ളറ്റിൻ ഈ ഓഫീസ് വിതരണം ചെയ്തത്. 76 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ തന്നെ മൂന്ന് പൂർണ്ണ ദിവസം ഇല്ലാത്ത സാഹചര്യത്തിൽ സ്പീക്കർക്ക് തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഉപക്ഷേപം അനുവദിക്കാനുള്ള അധികാരമുണ്ട്. ബിൽ സഭയിൽ വരുന്നതിന് മൂന്ന് പൂർണ്ണ ദിവസം മുമ്പ് ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്യണമെന്ന ചട്ടം പാലിക്കണമെന്നതാണ് ചെയറിന്റെ പക്ഷം. എന്നാൽ മൂന്ന് പൂർണ്ണ ദിവസം

Ruling

നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിനുമുമ്പും സ്പീക്കർമാർ തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ചട്ടത്തിൽ ഇളവ് നൽകിയിട്ടുണ്ട്. 15-ാം കേരളനിയമസഭയിൽ 2026 ഫെബ്രുവരി 24-ാം തീയതി 2026-ലെ അബ്കാരി (ഭേദഗതി) ബിൽ, 2026 -ലെ കേരള ധനകാര്യബിൽ, 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഇപ്രകാരം ചട്ടം സസ്പെന്റ് ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്. ഈ ബിൽ സംബന്ധിച്ച് കാര്യോപദേശക സമിതിയിൽ ബഹുമാനപ്പെട്ട അംഗം അഭിപ്രായം രേഖപ്പെടുത്തിയിരുന്നുവെങ്കിലും ഇന്ന് (15-10-2026-ന്) ബിൽ അവതരിപ്പിക്കുന്നതിന് ധാരണ ഉണ്ടാവുകയും അതുപ്രകാരമാണ് ബിൽ ഇന്ന് അവതരിപ്പിക്കുകയും ചെയ്യുന്നത്. അതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

റൂളിങ്-2

<u>ബില്ലിലെ അപാകതകൾ സംബന്ധിച്ച്</u>

ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഏഴ് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഒബ്ജക്ഷനായി ഉന്നയിച്ചിട്ടുള്ളത്. ബില്ലിന്റെ അവതരണത്തിനെതിരെ അംഗം വളരെ വിശദമായ ക്രമപ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. പ്രധാനമായും ഉന്നയിച്ച കാര്യങ്ങൾ

താഴെ പറയുന്നവയാണ്.

1. നിലവിലുള്ള 1999-ലെ ഏകജാലക നിയമമോ 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ടോ റദ്ദ് ചെയ്യാനോ അവയുമായുള്ള നിയമപരമായ ബന്ധം വ്യക്തമാക്കുവാനോ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല.

2. 2024-ൽ നിയമസഭ സ്വീകരിച്ച പരിസ്ഥിതി സംരക്ഷണ നിലപാടിനെ പൂർണ്ണമായും അട്ടിമറിച്ചുകൊണ്ട്, സരൾ ബില്ലിന്റെ അനുബന്ധ പട്ടികയിലെ 8, 9, 10 ഇനങ്ങളിലായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടും 2008-ലെ ചട്ടങ്ങളിലെ 5, 12 ചട്ടങ്ങളും 2015-ലെ അനധികൃത നിലം നികത്തൽ ക്രമവൽക്കരണ ചട്ടങ്ങളും പരിശോധനയില്ലാതെ ഉൾപ്പെടുത്തിയിരിക്കുന്നു.

3. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഭരണ ഘടനാപരമായ സ്വയംഭരണ അവകാശത്തെ പൂർണ്ണമായി ഇല്ലാതാക്കുന്നു.

Ruling

4. അനുച്ഛേദം 254 പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ അധികാരപരിധിയിലും ഈ ബിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

5. സ്വാഭാവിക നീതിയുടെയും പൊതുജന സുരക്ഷയുടെയും ലംഘനങ്ങളുടെയും നിരവധി വ്യവസ്ഥകൾ ബില്ലിലുണ്ട്.

6. ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തതയില്ല.

7. ബില്ലിന്റെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന 19 ആക്ടുകളും സ്പെഷ്യൽ ആക്ടുകളായതിനാൽ അവയെ ഒരുമിച്ച് ഈ ബില്ലിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തുവാൻ കഴിയുകയില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്നാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതിക വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് വിശദീകരണം നൽകിയിട്ടുണ്ട്.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ദ്വിതല സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് സംവിധാനം ഉൾപ്പെട്ടിട്ടുള്ള സരൾ കേരളം അതോറിറ്റി, ബില്ലിൽ വിവക്ഷിച്ചിട്ടുള്ള നിക്ഷേപ പദ്ധതിക്ക്, " ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ" എന്ന തത്വത്തിൽ

Ruling

അധിഷ്ഠിതമായി ക്ലിയറൻസ് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്ന സിംഗിൾ അതോറിറ്റി ആണ്. അതുകൊണ്ട് തന്നെ 1999-ലെ ആക്ടിന് സമാന്തരമാണെന്ന് പറയുവാൻ കഴിയുകയില്ല. ഏതെങ്കിലും തരത്തിലുള്ള ഓവർലാപ്പുകൾ ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റി തലത്തിൽ അത് പരിഹരിക്കാവുന്നതേയുള്ളൂ. അതാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഓർമ്മിപ്പിച്ചത്. ബില്ലിന്റെ 13, 14, 17 ഖണ്ഡങ്ങൾ പരിശോധിച്ചാൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട നിയമങ്ങളിലെ കോംപീറ്റന്റ് അതോറിറ്റി പാലിക്കേണ്ട യാതൊരു വ്യവസ്ഥകളിലും ഈ ബില്ലിൽ ഇളവ് വരുത്തുന്നില്ലെന്നതും ഈ ബില്ലിൽ നിക്ഷേപകനെ സംബന്ധിച്ചിടത്തോളം ഗുണകരമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണവും ചെയർ മുഖവിലയ്ക്കെടുക്കുന്നു. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ന്യായമായ പ്രാതിനിത്യം സരൾ അതോറിറ്റിയിൽ ഉറപ്പാക്കിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക അസ്ഥാനത്താണ്. കേന്ദ്ര ആക്ടുകൾ പ്രകാരമുള്ള യാതൊരു ക്ലിയറൻസുകളിലും സരൾ അതോറിറ്റി ഇടപെടുന്നില്ലെന്ന് 15-ാം ഖണ്ഡപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള വിധി ന്യായങ്ങൾക്കോ, നിയമങ്ങൾക്കോ ബിൽ എതിരാണെന്ന് കാണാൻ കഴിയുന്നില്ല.

അതുപോലെ തന്നെ 17-ാം ഖണ്ഡം പ്രകാരം ആരോഗ്യം, തൊഴിലാളി ക്ഷേമം, പൊതുസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള വിവിധ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളിലോ, ഗ്രണനിലവാരത്തിലോ ഈ ബില്ലിലെ വകുപ്പുകൾപ്രകാരം യാതൊരു ഇളവുകളും നൽകിയിട്ടില്ല.

നിയമസഭ ചട്ടം 73-ൽ പറയുന്നത് "പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസാക്കുന്ന പക്ഷം അതിൽ ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവുകൂടി അതിൽ നൽകേണ്ടതും ആകുന്നു" എന്നാണ്. അപൂർവം ചില സന്ദർഭങ്ങളിൽ മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തരത്തിലുള്ള ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കവും ഉണ്ടായിട്ടുണ്ട്. 2019 ഒക്ടോബർ 19-ാം തീയതി സഭ മുമ്പാകെ വന്ന 2019-ലെ കേരള സഹകരണ കോംപ്ലക്സും

Ruling

മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിലും ഇപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടമാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. കെ. വി. സുമേഷ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.